## ഒരു മോഷണവും കുറെ മുറിവുകളും

ഇപ്പോഴും മനോമുകുരത്തിൽ തെളിഞ്ഞുനിൽക്കുകയാണ്, അവളുടെ രൂപം.

വെണ്ണക്കല്ലിൽ തീർത്ത ശില്പംപോലെ, യവനസുന്ദരിയുടേതുപോലെ........

സമൃദ്ധമായ കേശം ഷാമ്പു തേച്ച് ചെമ്പിച്ചിട്ടല്ല, കാച്ചെണ്ണയുടെ മണവുമായി കറുകറുത്തത്, ഒതുക്കികെട്ടാതെ പിറകിൽ കല്ലോലജാലം പോലെ........

ഇടതിങ്ങിയപുരികം നന്നെ കറുത്തത് തന്നെയാണ്, കൃഷ്ണമണികൾ ലേശം പീതവർണ്ണമായിട്ട്.................

ആ ചിരി,

എത്രയോ പ്രാവശ്യം മനസ്സിനെ കൊളുത്തിവലിച്ച് ചൂണ്ടലിൽ തൂക്കി ആട്ടി രസിച്ചിരിക്കുന്നു.

ഒരുവർഷമായിട്ടുള്ള സ്ഥിരം സന്ദർശകയാണവൾ, മാസത്തിലെ മൂന്നാമത്തെ തിങ്കളാഴ്ചകളിൽ; അവളൊരിക്കലും തനിച്ചായിരിക്കില്ല. മൂന്നോ, നാലോ സ്നേഹിതകൾ കൂടെ ഉണ്ടാവും.

സ്നേഹിതകളെന്നു പറയാമോ?

അവൾ ഒരു സൗരാഷ്ട്ര രാജകുമാരിയെപ്പോലെ മുന്നിൽ, പുഞ്ചിരിയുമാ

യി, ലാസ്യമായി നടന്നുവരും............

പിറകെ തോഴിമാരെപ്പോലെ മൂന്നോ, നാലോപേർ....

സൗന്ദര്യത്തിൽ അവരും മികച്ചവരുതന്നെ, പക്ഷെ, വിലകൂടിയ വസ്ത്രങ്ങളിൽ, ശ്രദ്ധയിൽ അവൾ തന്നെയാണ് നായികയെന്ന് വ്യക്തം.

കടയുടെ പ്രധാനകവാടം കടന്നുവരുമ്പോഴേക്കും അവളെ കാണാൻ കഴിയും, ശ്രദ്ധിക്കപ്പെടും. ഇരുകൗണ്ടറുകളിലും നിൽക്കുന്ന സെയിൽസ്മാന്മാരെ, കസ്റ്റമേഴ്സിനെ നോക്കി പുഞ്ചിരിച്ച്, വശീകരിച്ച് വളരെ സാവധാനം നടന്ന് സാരികൾക്ക്മാത്രമുള്ള ശിതീകരിച്ച മുറിയിലേക്ക്.......

എല്ലാ പ്രവർത്തകരും പറയുമായിരുന്ന രവിയുടെ കസ്റ്റമറെന്ന്................

മുറിയുടെ വാതിൽ തുറക്കുമ്പോഴേക്കും അവിടമാകെ സുഗന്ധംകൊണ്ട് നിറയുന്നു, തിരക്കിൽ, മറ്റു കസ്റ്റമേഴ്സിന്റെ മറവിൽ അവളെ ആദ്യം ശ്രദ്ധിക്കപ്പെട്ടിട്ടില്ലെങ്കിൽ കൂടി ആ സുഗന്ധം അവളെത്തിയെന്ന് ഒരു അറിയിപ്പായിട്ട് മനസ്സിലേക്ക് പറന്നെത്തുമായിരുന്നു

വളരെ തിരക്കാണെങ്കിൽകൂടി യാദൃച്ഛികമായി കിട്ടുന്ന പഴുത് നോക്കി നിന്നവൾ വിഷ് ചെയ്യും.

"ഹലോ..........."

പിന്നെ, കസ്റ്റമറെ പാക്ക് ചെയ്തുകഴിഞ്ഞ് തിരക്കൊഴിയുന്നതുവരെ കാത്തുനില്ക്കുന്നു.

മണിക്കൂറുകളോളം നീണ്ടുനിൽക്കുന്ന സെലക്ഷനാണ്, അതിനിടയിൽ ഒന്നോരണ്ടോ ലൈം ജ്യൂസ്, അല്ലെങ്കിൽ ചായ............

നൂറുകണക്കിന് സാരികളാണ് കൗണ്ടറിൽ നിരത്തുന്നത്.

കാഞ്ചിപുരം മാത്രം.

അവൾ ഒരു ഹിസ്റ്റീരിയ ബാധിച്ച പെൺക്കുട്ടിയെപ്പോലെയാണ് സാരികാണുമ്പോൾ, എഫിഷ്യന്റും.

സ്റ്റഫ്, കളർ, കസവിന്റെ പാറ്റേൺ, കോമ്പിനേഷൻ എല്ലാം ശ്രദ്ധിക്കും.

ഒടുവിൽ രണ്ടെണ്ണം സെലക്റ്റ് ചെയ്യും. രണ്ടെണ്ണം മാത്രം, പതിനായിരമോ, ഇരുപതിനായിരമോ, ഇരുപത്തിഅയ്യായിരമോ വിലയുള്ളത്.

രണ്ടെന്ന കണക്ക് ഒരിക്കലും അവൾ തെറ്റിച്ചിട്ടില്ല. പലപ്പോഴും അതിനെപ്പറ്റി ചോദിക്കുകകൂടി ചെയ്തിട്ടുണ്ട്.

- എന്തേ രണ്ടിനോടിത്ര താല്പര്യം ?

അവൾ ഒരിക്കൽ പറയുകയുണ്ടായി,

"യേസ്സ്, രണ്ടുകൾ..... മീൻസ് പെയർ, എന്നാലല്ലെ പൂർത്തീകരിക്കയുള്ളൂ. ? ഒറ്റയക്കാണെങ്കിൽ വിരസതയല്ലേ, രണ്ടെന്ന് പറഞ്ഞാൽ സമൂഹമായി............ നാം മനുഷ്യർ സമൂഹമായി ജീവിക്കുന്നവരല്ലേ ? "

അന്നവൾ വൈറ്റ് സീലോയിലാണ് എത്തിയത്.

മജന്താകാഞ്ചിപുരം സാരിയിൽ, ചലിക്കുന്ന ഒരു പാവക്കുട്ടിയെപ്പോലെ പതിവില്ലാതെ മുടിയൊതുക്കി വെളുത്ത രംഗീലകൊണ്ട് കെട്ടി, മുല്ലപ്പൂമാലചൂടി......

അവൾ ഉപയോഗിച്ചിരുന്ന പെർഫ്യൂമിനും ജാസ്മിന്റെ പരിമളമായിരുന്നു.

സാരിക്കൗണ്ടറുകളുടെ സ്റ്റൂളുകളിൽ അവർ അടുത്തടുത്തിരുന്നു.

തിരക്ക് വളരെകുറവായിരുന്നു.

സാരികൾനിരത്തുംമുമ്പ് കുറെസമയം അവൾ കുശലങ്ങൾ പറഞ്ഞിരുന്നു. പുതിയകാറിനെക്കുറിച്ച്, സഹോദരന്റെ ബിസിനസ്സിലുള്ള ഉയർച്ചയെക്കുറിച്ച്, സ്റ്റേറ്റ്സിൽ സിറ്റീസണായിരിക്കുന്ന സഹോദരിയെപ്പറ്റി, മിക്കവാറും അടുത്തനാളിൽ തന്നെ സ്റ്റേറ്റ്സിലേക്ക് ഒരു ടൂർ നടത്താനുള്ള സാദ്ധ്യതയെക്കുറിച്ച്................

അപ്പോഴേക്കും സഹപ്രവർത്തകർ സാരികൾ നിരത്തിക്കഴിഞ്ഞിരുന്നു. അവളുടെ സ്നേഹിതകൾ സെലക്ട് ചെയ്യാനുള്ള തയ്യാറെടുപ്പിൽ മുഴുകിക്കഴിഞ്ഞിരുന്നു. എന്നിട്ടും അവൾ സംസാരം നിർത്തിയിരുന്നില്ല.

കൗണ്ടറിൽവിശ്രമിക്കുന്ന അവളുടെ കൈകളെ നോക്കി വെറുതെയിരുന്നു. കൈകളിൽനിന്നും പാതിയോളം നഗ്നമായതോളിലേക്കും, കഴുത്തിലേക്കും, കവിളുകൾ വഴി കണ്ണുകളിൽ എത്തിനിന്നു.

കണ്ണുകളിൽ മനമുടക്കിയിരുന്നുപോയി,

ആനന്ദകരമായ ആ നിമിഷങ്ങളെകൊന്നുകൊണ്ടാണ് ബോസ്സ് തോളിൽ തട്ടിവിളിച്ചത്, തുടർന്നു ചെവിയിൽ മന്ത്രിച്ചു

"അവളെ വാച്ച് ചെയ്യണം, സംതിഗ് റോങ്ങ് വിത്ത് ഹെർ...."

"പക്ഷെ, ഇതുവരെ അങ്ങിനെയൊന്നും തോന്നിയിട്ടില്ലല്ലോ"

"എങ്കിലും അവളുടെകൂടെയുള്ള ആ ഗാർഡൻ സാരിക്കാരി...............”

ഗാർഡൻ സാരിക്കാരിയെ അപ്പോഴാണ് ശ്രദ്ധിച്ചത്. ശ്രദ്ധിക്കുന്നത് അവൾ കണ്ടിരിക്കുന്നു. അവളിൽ ഒരു പതുങ്ങൽ, ഒരു വെപ്രാളം.........അവളുടെ അസ്വസ്ഥത മറ്റുള്ളവരിൽ പടർന്നുകയറുന്നു. ഒടുവിൽ യവനസുന്ദരിയിലും പടർന്നു കയറുന്നു. പന്തലിയ്ക്കുന്നു.

ഒരു നിമിഷം പോലും പാഴാക്കാതെ യവനസുന്ദരി ഗാർഡൻ സാരിക്കാരിയുടെ അടുത്തെത്തി.

"വാട്ടീസിറ്റ്......... ബ്ലഡി ബീച്ച്..........? "

അവൾ, പെൺക്കുട്ടിയുടെ ചുമലിൽ പിടിച്ച് ശക്തിയായി ഉലക്കുകയും മുടിയിൽ പിടിച്ച് വലിച്ച് വേദനിപ്പിക്കയും, പെൺകുട്ടിയുടെ ഉടുപ്പിൽ,സാരിക്കുത്തിനുള്ളിൽ നിന്നും മടക്കിതിരുകിയിരുന്ന ഒരു സാരി പുറത്തയ്ക്ക് എടുക്കുകയും ചെയ്ത പ്പോൾ കാണികൾ സ്തംഭിച്ചുപോയി.

ഒരു നിമിഷം ബോസ്സിന്റെ മുഖത്ത് അമ്പരപ്പ് കയറിയതാണ്. പക്ഷെ, പെട്ടന്ന് അത് മാറി. സ്ഥലകാലങ്ങൾ അറിയുന്നവനും ബോധവാനുമായി.

യവനസുന്ദരി സാരിയുമായി ബോസിന്റെ മുമ്പിൽ നിന്നു.

"സോറിസാർ...........റിയലി സോറി.എന്റെ സേർവന്റാണ്....... ഒരബദ്ധം ഇനിയുണ്ടാവില്ല. ഞാനത് വിലയ്ക്കെടുത്തു കൊള്ളാം......"

ബോസിന്റെ മുഖം അചഞ്ചലവും തീരുമാനങ്ങൾ എടുത്തുകഴിഞ്ഞുള്ളതുമായിരുന്നു. ചുണ്ടത്ത് തങ്ങിനിന്നിരുന്ന ചിരിയിൽ ഒരു അപായ സൂചന നിഴലിച്ചിരുന്നു.

അവൾ വീണ്ടും കെഞ്ചിക്കൊണ്ടിരുന്നു.

ലോകസുന്ദരി പട്ടത്തിന് തെരഞ്ഞെടുപ്പ് നടക്കുന്ന വേദിയിൽ മിന്നിതിളങ്ങിനിന്നിരുന്ന വിശ്വമോഹിനിയെ വലിച്ചിഴച്ച് കൊണ്ടുവന്ന്, ഒരു ശോകസിനിമയിൽ തോരാമഴയത്ത് ചെറ്റക്കുടിലിന്റെ തറയിൽ കൂട്ടിയ അടുപ്പിൽ തീ കത്തിക്കാനേൽപിച്ചതുപോലെ യവനസുന്ദരി വിയർപ്പായി ഉരുകി ഒലിച്ചു.

അവളുടെനിർത്താത്ത കേഴലിൽ ബോസ് വിട്ടുവീഴ്ചക്ക് തയ്യാറാകുകയായിരുന്നു. എല്ലാവരെയും പരിശോധിക്കാനായി സ്ഥാപനത്തിലെ ലേഡീസ് സ്റ്റാഫുകളെ ഏല്പ്പിച്ചു. യവനസുന്ദരി ഒഴികെയെല്ലാവരുടെയും പരിശോധനകഴിഞ്ഞപ്പോൾ റിസൾട്ട് നിരാശജനകമായിരുന്നു. കാണികളുടെ മുഖങ്ങൾ വളിച്ചു തുടങ്ങിയിരുന്നു.

യവന സുന്ദരിയുടെ മൃദുലമായ ദേഹത്ത് സ്പർശനം ഏറ്റപ്പോൾ പൊട്ടിത്തെറിക്കുയായിരുന്നു. അങ്ങിനെ ഒരു പ്രതീകരണം ബോസുപോലും പ്രതീക്ഷിച്ചിരുന്നില്ല. അത് ബോസിനെ വാശികേറ്റുകയാണ് ഉണ്ടായത്.

ലേശം ബലപ്രയോഗത്തിൽ തന്നെയാണ് അവളെ ബോസിന്റെ വിശ്രമമുറിയിൽ എത്തിച്ചത്.

ബ്ലൗസ്സിനോട് ചേർത്ത് ഹുക്ക് ചെയ്തിരുന്ന മജന്തസാരിയുടെ കോന്തലയിൽ ശക്തിയായി വലിച്ചപ്പോൾ  അവൾ തോല്ക്കുകതന്നെ ചെയ്തു. പിന്നീട് വളരെ മെരുക്കമുള്ള വീട്ടുമൃഗത്തെപ്പോലെ എല്ലാം സ്വയംചെയ്യുകയാണുണ്ടായത്.......

മജന്താ സാരിയിൽ  കുത്തിയിരുന്ന രണ്ട് സേഫ്റ്റി പിൻ  മൃദവിരലുകളാലുള്ള തലോടൽ പോലെ ലാഘവത്തോടെ അടർത്തിയെടുത്ത് സാരിക്ക് ചുളിവു വീഴാതെസാവാധാനം അഴിച്ച് മേശമേൽ ഒതുക്കിവച്ച്,  ബ്ലൗസ്സിനെ വേദനിപ്പി ക്കാതെ ഹുക്കുകൾ വിടർത്തി ഊരി, സാറ്റിൽ സ്ക്കർട്ട് നിലത്തുവീഴാതെ മേശമേൽ വച്ചപ്പോൾ വെളുത്ത വി.ഐ.പി പാന്റീസിൽ, ബ്ലോസ്സം ബ്രയ്സ്സിയേഴ്സിൽ അവളൊരുവെണ്ണക്കൽ പ്രതിമപോലെ.........

പക്ഷെ, പാന്റീസിന്  ഉള്ളിലേയ്ക്ക് തിരുകികയറ്റിയിട്ടും പൂർത്തിയായിട്ടും താഴാതെ പുറത്തയ്ക്ക് തള്ളി നില്ക്കുന്ന രണ്ട് കാഞ്ചിപുരം സാരികൾ, രണ്ടുനിറങ്ങളിൽ.............

അവളെഴുതിയിരിക്കുന്നു. രവിയേട്ടാ ഒന്നും മനപ്പൂർവ്വമായിരുന്നില്ല. ജീവിതസാഹചര്യങ്ങളായിരുന്നു.......... ഒരപ്പനും അമ്മയ്ക്കും ഒറ്റമകളാണ് ഞാൻ...... അപ്പൻ കുറച്ചൊക്കെ പുരോഗമനചിന്താഗതിക്കാരനാണ്. കൂലിപ്പണിക്കാരനായിരുന്ന അപ്പന് ഒത്തിരിമക്കളെപ്പോറ്റി വളർത്തി

നല്ലനിലയിൽ എത്തിക്കാൻ കഴിയാത്തതാണല്ലോ നമ്മുടെ പരിതസ്ഥിതികൾ. അതുകൊണ്ട് തന്നെ ഒന്നുമതിയെന്നുവച്ചു. അതൊരു ആൺക്കുട്ടിയായിരുന്നെങ്കിൽ നന്നായിരുന്നുവെന്ന് പലപ്പോഴും അപ്പനും അമ്മയും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എങ്കിലും അവർക്ക് ഞാൻ പെന്നോമനതന്നെയായിരുന്നു. അപ്പന്റെ ആയകാലം എന്നെ തലയിലും താഴത്തും വക്കാതെ തന്നെയാണ് വളർത്തിയത്.വിദ്യാഭ്യാസവും തന്നു, നല്ല മാർക്കോടുകൂടി ഒരുബിരുദം. അപ്പോഴേക്കും അപ്പന്റെപെൻഷൻപ്രായം കഴിഞ്ഞിരുന്നു അമ്മക്കാണെങ്കിൽ അരിച്ചിട്ടി, മാസച്ചിട്ടി, ഒക്കെകൊണ്ടുനടക്കാൻ ബുദ്ധിമുട്ടായി - ടേഡ് കോമ്പറ്റീഷൻ. അവർക്ക് താങ്ങായി, തണലായി ഒറ്റസന്താനമായ ഞാനൊരു ജോലിയും നേടി.

നഗരത്തിലെ പ്രമുഖരായ വസ്ത്രവ്യാപാരിസംഘത്തിന്റെ കീഴിൽ, പർച്ചെയ്സ്അസ്സിസ്റ്റന്റായിട്ട്. ടെസ്റ്റ്, ഇന്റർവ്യൂ വൈവ, സ്ക്രീൻപരീക്ഷണം, സത്യവാങ്മൂലം, സെക്യൂരിറ്റി തുടങ്ങി എല്ലാവിധ കോലാഹലങ്ങളോടും കൂടിതന്നെ............

യഥാർത്ഥത്തിൽ ഞാനുംഎന്റെ സബോർഡിനേറ്റുകളും നടത്തുന്ന എല്ലാ ഇടപാടുകളും ആ സ്ഥാപനത്തിനുവേണ്ടിയാണ് തുച്ഛമായ മൂന്നക്കമുള്ള മാസശമ്പളത്തിനായിട്ട് ......... ഉടയാടകൾ, സുഗന്ധലേപനങ്ങൾ, യാത്രഎല്ലാം സ്ഥാപനത്തിന്റെ ഗോഡൗണിൽനിന്നും സൗജന്യമാണ്............

എല്ലാവിധ സുഗന്ധങ്ങളോടുംകൂടിയ ഒരു ഗ്രാമവീഥിയിലൂടെ നടന്നുവരികയായിരുന്നു. പാതയോരത്തെ വേലിപ്പടർപ്പുകളിലെ പൂക്കളെ നോക്കിച്ചിരിച്ച്, അടയ്ക്കാക്കുരുവിയോടും, നൂറായിരം വർണ്ണങ്ങളുമുള്ള ചിത്രശലഭങ്ങളോടും, കിന്നാരംപറഞ്ഞ് തൊട്ടാവാടികളെ തലോടി സുഷുപ്തിയിലേയ്ക്ക് നയിച്ച് മൂളിപ്പാട്ടുപാടി..........

വഴിയിലൊരു കുണ്ടോ കുഴിയോ പാദങ്ങളെ നോവിക്കാനൊരു മൂർച്ചയുള്ള ചരലോ ഉണ്ടായിരുന്നില്ല..

വാനം പ്രശാന്തം സുന്ദരവും, രാവുകൾ നക്ഷത്രങ്ങളെകൊണ്ട് നിറഞ്ഞതും ചന്ദ്രികയിൽ അലിഞ്ഞതുമായിരുന്നു.

ഒട്ടും പ്രതീക്ഷിക്കാത്ത നേരത്ത് വീഥിയിൽ മറ്റെവിടെനിന്നോ ഒരു നാട്ടുപാതവന്നു ലയിക്കുകയാണ്. അതുകൊണ്ട് മടിച്ചുനിന്നു. അതൊരു കവലയാണ്. നേരെപോകുന്നവഴി ഇടയിലെത്തിയ നാട്ടുപാതയോടുകൂടി ചേർന്ന് വീതിയേറിയതും,ഇടത്തോട്ടുള്ളത് തികച്ചും ഇടുങ്ങിയതും, കുണ്ടും കുഴിയും നിറഞ്ഞതുമാണ്.

ഒരുനിമിഷം ആലോചിച്ചുനിന്നു. ആരോടെങ്കിലും സംശയം നിവർത്തിക്കാമെന്നു തോന്നിയതാണ്. പക്ഷെ, ആരെയും അടുത്തെങ്ങും കണ്ടതില്ല. കൂടാതെ സംശയംചോദിക്കപ്പെടുന്ന വ്യക്തിവേണ്ടത്ര ജ്ഞാനമില്ലാത്ത ആളാണെങ്കിൽ പറഞ്ഞുതരുന്നവഴിയും നന്നാവില്ലെന്ന് ഓർക്കുകയും ചെയ്തു. എന്തിനെയും തരണംചെയ്യാമെന്ന തന്റേടത്തോടെ നേരെയുള്ള, വീതിയേറിയ വഴിയെ തന്നെ നടക്കുകയും ചെയ്തു.

അവളുടെ കത്ത് തുടരുന്നു. ഒട്ടും പ്രതീക്ഷിക്കാതെയാണ് നമ്മൾ കണ്ടെത്തിയത്.... അർഹിക്കാത്തതാണെന്നും പലപ്പോഴും തോന്നിയിട്ടുകൂടി വളരെ അടുത്തിതിരിക്കാൻ മോഹിച്ചു. എല്ലാ വേലിപ്പടർപ്പുകളും നീക്കി, എല്ലാവർണ്ണങ്ങളും ഉടയാടകളും ഊരിയെറിഞ്ഞ് രവിയേട്ടനോട് സത്യംപറഞ്ഞ് സ്വീകരിയ്ക്കാനൊരു അപേക്ഷസമർപ്പിച്ചാലോയെന്ന് ചിന്തിച്ചതാണ് പലപ്പോഴും, പക്ഷെ, അതിന് സമയമായില്ലയെന്ന് കരുതിയിരിക്കവെ........

അന്നത്തെ എല്ലാ നാടകങ്ങളും, സേർവന്റാണെന്ന് പറഞ്ഞും, അവളെ ദ്രോഹിച്ചതും, വിവസ്ത്രയായതും എല്ലാം ഞങ്ങൾക്ക് ട്രെയിനിംഗ് ആയിട്ട് കിട്ടിയിട്ടുള്ളതാണ്. തമിഴ് പുലികൾ പൊട്ടാസ്യം സൈനേയിഡ് കഴിച്ച് മരിക്കുമ്പോലൊരു അവസാന ഇനമാണ് വിവസ്ത്രയാകൽ..........

ചുരുക്കിപറഞ്ഞാൽ അതോടുകൂടിയെല്ലാപറക്കലും കഴിഞ്ഞുഎന്നർത്ഥം, ചിറകുകളറ്റ്, കാലുകൾ വെട്ടപ്പെട്ട് മണ്ണിൽ ഒരുവലിയ കഷണം മാംസമായി കിടക്കുമെന്ന്, വാസവദത്തയെപ്പോലെ...............

വീതിയേറിയ പാത അവിടെ അവസാനിക്കുകയാണ്. ഇനിയും എവിടെനിന്നോഒഴുകിയെത്തുന്ന ഒരു തോടിനെമറി കടക്കേണ്ടിയിരിക്കുന്നു. തോട്ടിൽപലയിടങ്ങളിലാക്കിടക്കുന്ന പായൽ മൂടിയ ഉരുളൻകല്ലുകൾ ആശ്രയമായി തലയുർത്തിനോക്കിച്ചിരിക്കുന്നു.

തോടേറിയാൽ നൽപാലംപോലെ നീണ്ടുകിടക്കുന്ന വരമ്പുകൾ.......... അടുത്തനാളിൽ പുതുചേറിട്ട് വരമ്പുകളെ കനം വപ്പിച്ചിട്ടുണ്ട്. പക്ഷേ, നൽ പോലെ മഴവീണുകൊണ്ടിരിക്കുന്ന വരമ്പ്, പാടത്തേക്കാൾ സുരക്ഷിതമാണെന്ന് തോന്നുന്നില്ല.

പാട വരമ്പത്ത് കൂടി നടന്നു.

അവളുടെ കത്തിലെ വരികൾ വീണ്ടും ഓർമ്മിച്ചു പോകുന്നു.

....... അപ്പനും അമ്മയും സത്യക്രിസ്ത്യാനികളാണ്, പത്തുകല്പനകളും അക്ഷരംപ്രതി അനുസരിക്കയും ചെയ്യുന്നുണ്ട്. അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും സ്വർഗ്ഗരാജ്യവുമായി ക്രിസ്തുദേവൻ വീണ്ടും വരുമെന്നും വിശ്വസിക്കുകയും പകൽ അന്തിയോളം അദ്ധ്വാനിച്ചിട്ട് കിട്ടുന്നതുംവാങ്ങി വീട്ടിൽ പോകുകയും, അയൽക്കാരന്റെ ഉന്നമനത്തിൽ സന്തോഷിക്കയും, സഹോദരന്റെ കാവൽക്കാരനാക്കുകയും മെക്കെ ചെയ്യണമെന്ന് എന്നെ പഠിപ്പിക്കയും ചെയ്തിരുന്നു. പക്ഷെ, ഞാൻചുറ്റുംകണ്ടത് അങ്ങിനെ ഒന്നുമായിരുന്നില്ല...........

ഒരു മോഷണം നടത്തുകയോ, ഒരുകൊലപാതകം ചെയ്യുകയോ......... ഒന്നും ഇന്ന് അത്രവാർത്താ പ്രാധാന്യമുള്ള കാര്യങ്ങളല്ല. സ്വന്തം വീട്ടിൽ നിന്നു മോഷ്ടിക്കുന്നവരും, അമ്മപെങ്ങന്മാരെ ചന്തയിൽകൊണ്ടു പോയി വിറ്റ് കാശ് കീശയിൽ ഇടുന്നവരും, ഒരുസമൂഹത്തെയാകെ ബോംബുവച്ച് നിഗ്രഹിക്കുന്നവരും ഇവിടെ ധാരാളം ആയിരിക്കുകയല്ലെ......... പക്ഷേ ഒരിക്കലും രവിയേട്ടന്റെ മുൻമ്പിൽ വച്ച് അങ്ങിനെ ഒരു സാഹചര്യം ഇണ്ടാവരുതെന്ന് ആഗ്രഹിച്ചിരുന്നു.......

പാടവരമ്പത്തു നിന്ന് ഇടവഴിയിലേക്ക് കയറിയപ്പോൾ തന്നെ വീടിന്റെ മുന്നിൽ ജനങ്ങൾ തിങ്ങി നില്ക്കുന്നത് കാണാമായിരുന്നു.

എട്ടോ പത്തോ കുത്തുകല്ലുകൾ കയറി മുറ്റത്തെത്തിയപ്പോൾ അപരിചിതനായിട്ടുകൂടി ജനങ്ങൾ വഴിമാറിനില്ക്കുന്നു.

ആരോ ഒരാൾ മുന്നോട്ടുവന്ന് തോളത്ത് കൈവച്ചിട്ടു ചോദിച്ചു.

"രവിയല്ലെ.....?”

"അതെ....”

"അവൾ  എഴുതിയിരുന്നു. രവി വന്നിട്ടേ ജഡമെടുക്കാവൂന്ന്........."

അയാൾ ജഡത്തിന്റെ മുഖത്തെ തുണിനീക്കി.

അവൾ ഉറക്കംനടിച്ച് കിടക്കുംപോലെ,

ചുണ്ടത്ത് പൂത്തുനില്ക്കുന്ന ചിരി മനസ്സിനെ ഉടക്കി വലിക്കുന്നു.